# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

സി.എം.സ്.എൽ.പി.സ്കൂൾ,കുന്നം

# <u>ഉള്ളടക്കം</u>


1.ആമുഖം, ലക്ഷ്യങ്ങൾ

2.വിദ്യാലയ ചരിത്രം

3.വിദ്യാലയം മികവിൻ്റെ ക്രേന്ദം -കാഴ്ചപ്പാട്

4.നിലവിലെ അവസ്ഥാവിശകലനം

5.പ്രശ്നങ്ങൾ, വെല്ലുവിളികൾ

6.പദ്ധതി രൂപീകരണ പ്രക്രിയ

7.വിഷയമേഖലകൾ

അക്കാദമികം, ഭൗതികം, സാമൂഹികം

8.മോണിറ്ററിംഗ്

9 ഉപസംഹാരം

# ആമുഖം

നമ്മുടെ നാടിൻ്റെ വികസനത്തിന് നിർണ്ണായകമായ പങ്കാണ് പൊതുവിദ്യാഭ്യാസത്തിനുള്ളത്. ഈ മേഖലയുടെ വളർച്ചയും മുന്നേറ്റവുമാണ് കേരളത്തെ മികവിലേക്കുനയിക്കുന്ന ശക്തിയാവുക. ഈ വസ്തുത തിരിച്ചറിഞ്ഞുകൊണ്ട് സംസ്ഥാന സർക്കാരും വിദ്യാഭ്യാസവകുപ്പും മുന്നോട്ടുവച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കേരളത്തിലെ അക്കാദമിക സമൂഹവും പൊതുജനങ്ങളും ഏറ്റെടുത്തുകഴിഞ്ഞു. കുട്ടികളുടെ അവകാശ നിയമം, വിദ്യാഭ്യാസ അവകാശനിയമം എന്നിവ ഉറപ്പാക്കുന്നതിന് നാം ഓരോരുത്തരും പ്രതിജ്ഞാബദ്ധരാണ്. ഈ ലക്ഷ്യത്തെ മുൻനിർത്തി, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ഫലപ്രാപ്തിയിലെത്തിക്കുന്നതിൻ്റെ ഭാഗമായി ദീർഘകാല കാഴ്ചപ്പാടോടുകൂടി തയ്യാറാക്കുന്നതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. അക്കാദമിക മികവിന് പ്രാധാന്യം നൽകികൊണ്ടാണ് ഇത് തയ്യാറാക്കട്ടുള്ളത്. ഒപ്പം ഭൗതികവും സാമൂഹികവുമായ മേഖലകളിലെ വികസനം കൂടി സാദ്ധ്യമാകുന്ന രീതിയിൽ തയ്യാറാക്കിയിരിക്കുന്നു.

വിദ്യാലയത്തിൻ്റ പ്രസക്തി വീണ്ടെടുക്കുന്നതിനായി, അദ്ധ്യാപക രക്ഷകർതൃ സംഘടനകൾ, പൂർവ്വവിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ വിദ്യാലയത്തെ മികവിൻ്റെ കേന്ദ്രമാക്കി മാറ്റും.

നമ്മുടെ നാട്ടിലെ ഓരോ കുട്ടിക്കും അന്താരാഷ്ട്ര നിലവാരത്തിലുള്ള ധാരണകളും നൈപുണികളും ശേഷികളും നേടുന്നതിനാവശ്യമായ അവസരമൊരുക്കാനുള്ള സംഘടിത ശ്രമത്തിന് എല്ലാവരുടെയും സഹകരണവും പിൻതുണയും വേണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

# ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളും അതത് ക്ലാസ്സിൽ നേടേണ്ട് പഠനശേഷികൾ കൈവരിച്ചു എന്നുറപ്പുവരുത്തുക.
- ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും കുട്ടിനേടേണ്ട അറിവും കഴിവും തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കളടക്കമുള്ള സമൂഹത്തെ അറിയിക്കുക

- കുട്ടികളുടെ സർഗപരവും, അക്കാദമികപരവും, കലാകായിക പ്രവർത്തിപരിചയപരവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സമൂഹത്തിൽ ശ്രദ്ധേയമാക്കുക.
- തുല്യതയിൽ ഊന്നിയുള്ള ഗുണമേൻമ വിദ്യാഭ്യാസം ഉറപ്പുവരുത്തുക
- കുട്ടികളുടെ പഠനമികവ് കണ്ടത്തി കൈത്താങ്ങ് നൽകുക
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തും.
- ക്ലാസ്സ് മുറികളിൽ ഐ.സി.ടി അധിഷ്ഠിത ക്ലാസ്സുകൾ ഉറപ്പിക്കുന്നതിലൂടെ ബഹുമുഖ പഠന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.
- സ്കൂൾ കാമ്പസ് പ്ലാസ്റ്റിക് മുക്തമാക്കുക.
- ഗ്രീൽ പ്രോട്ടോകോൾ നടപ്പിലാക്കുക.
- ആരോഗ ശുചിത്വകാര്യങ്ങളിൽ ബോധൽക്കരണം നൽകുക.
- കലാ കായിക പ്രവർത്തിപരിചയം എന്നിവയിൽ വേണ്ടപരിശീലനം നൽകുക.
- വിദ്യാലയം ഒരു പാഠപുസ്തകം എന്ന ഉദ്ദേശ്യത്തോട ജൈവ വൈവിധ്യം, എന്ന ആശയം സ്കൂളിൽ നടപ്പിലാക്കുക..
- പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക്, പിൻതുണയും പ്രോത്സാഹനവും, നൽകുക.

## വിദ്യാലയ ചരിത്രം

സി.എം.എസ് കോർപ്പറേറ്റ് മാനേജ്മെൻ്റിൻ്റ െ കീഴിലുള്ള ഒരു സ്കൂളാണിത്.ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ തഴക്കര പഞ്ചായത്ത് 5- വാർഡിൽ , മാവേലിക്കര-മാങ്കാംകുഴി റൂട്ടിൽ തഴക്കര

വില്ലേജ് ഓഫീസിനു 50 മീറ്റർ കിഴക്കായി റോഡിനു വലതുവശത്തായാണ് കുന്നം സി.എം.എസ് എൽ.പി. സ്കൂൾ സ്ഥിതിചെയ്യുന്നത്.

1895-ൽ സി.എം. എസ് മിഷനറിമാർ സ്ഥാപിച്ച് സ്കൂളാണിത്. ആദ്യം സ്ഥാപിച്ച സ്കൂൾ ഇപ്പോഴത്തെ സ്കൂളിനു പിൻവശത്തായി പള്ളിയും സ്കൂളുമായി ഒന്നിച്ചു പ്രവർത്തിച്ചിരുന്നു. ഞായറാഴ്ച്ച ദിവസങ്ങളിൽ പള്ളി ആരാധനയും മറ്റു ദിവസങ്ങളിൽ സ്കൂളായും ഈ കെട്ടിടം പ്രവർത്തിച്ചിരുന്നു.

കേരളത്തിന്റെആ കാലഘട്ടങ്ങളിൽ വിദേശമിഷനറിമാർ ഇവിടെവന്ന് സമീപവാസികൾക്ക്, വിജ്ഞാനവും ആത്മീയതയും ഒന്നിച്ചു നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ പ്രദേശത്തെ പ്രഥമ സ്കൂളായ ഈ സ്കൂൾ സ്ഥാപിച്ചത്. പിന്നീട് വസ്തു സംബന്ധമായ തർക്കത്തെ തുടർന്ന് കോടതി വിധിപ്രകാരം സ്കൂൾ പൊളിച്ചുമാറ്റി ഇന്നത്തെ സ്കൂൾ സ്ഥാപിക്കുകയും ചെയ്തു. 1960-ൽ ഇപ്പോഴത്തെ സ്കൂളിൽ പഠനം ആരംഭിച്ചു. ധാരാളം പ്രമുഖ വ്യക്തികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകിയ സ്കൂളാണിത്. പ്രശ്ത നോവലിസ്റ്റായ 'പാറപ്പുറം'(കെ.ഇ. മത്തായി പാറപ്പുറത്ത്) ഈ സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം നേടിയ വ്യക്തിയാണ്.

## വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ചപ്പാട്

- സമഗ്ര ഗുണമേൻമാവർഷത്തിൻ്റെ ഭാഗമായി പുതിയ പ്രവർത്തനങ്ങൾ
- കേരളത്തിന്റെ സാംസ്കാരികവും, സാമൂഹികവും, കാർഷികവും, സർഗാത്മകവുമായ പാരസ്പര്യം കാത്തു സൂക്ഷിക്കുവാനും ഭരണഘടനാ മൂല്യങ്ങൾ, ഉൾകൊണ്ടുകൊണ്ട് പ്രവർത്തിക്കുന്ന ഓരോ സമൂഹസൃഷ്ടിക്കും ഉതകും, വിധം എല്ലാ കുട്ടികൾക്കും വൈവിധ്യമാർന്ന അനുഭവമൊരുക്കാൻ കഴിയുക.
- 1 മുതൽ 4 വരെയുള്ള കുട്ടികളെ അറിവിൻ ഉയർന്നതലത്തിലെത്താൻ, സഹായകരമായ അവസരം വിദ്യാലയത്തിൽ ഒരുക്കും.
- പ്രി- പ്രൈമറി കുട്ടികൾക്ക് പ്രത്യേക പരിചരണം നൽകും.
- ആധുനിക സാങ്കേതിക വിദ്യ കഴിയുന്നിടത്തോളം ഉപയോഗിച്ച് വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാക്കും.
- കുട്ടികളുടെ സർഗ ശേഷികളെ പരിപോഷിപ്പിക്കുന്നതിന് ഭൗതികവും സർഗാത്മകവുമായ പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യുക.
- വിദ്യാലയത്തെ സമൂഹവുമായി ബന്ധിപ്പിച്ച് അക്കാദമിക മൂല്യവും സാമൂഹികമൂല്യമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കും.

- സമ്പൂർണ്ണ ശുചിത്വം, പ്ലാസ്റ്റിക്, കീടനാശിനിമുക്ത കാമ്പസ് സൃഷ്ടിക്കുക.
- പരിസ്ഥതി പ്രവർത്തനങ്ങളിൽ കുട്ടികള പങ്കാളികളാക്കുക. പരിസ്ഥിതി സംരക്ഷണത്തിൽ കുട്ടികളുടെ പങ്ക് സ്വയം തിരിച്ചറിയുക.

- പ്രത്യേകപരിഗണന അർഹിക്കുന കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ഉറപ്പാക്കുക.
- ഗവേഷണാത്മക അദ്ധ്യാപനത്തിനും ഗവഷണാത്മക പഠനത്തിനും അവസരം ഒരുക്കുക.
- എല്ലാവരും പഠനലക്ഷ്യം നേടുക.
- ദിനാചരണങ്ങൾ പൊതുജനപങ്കാളിത്തത്തോടെ നടത്തുക.
- Zumba dance പരിശീലനം.
- LSS, കലോത്സവം, ശാസ്ത്രമേള, സ്പോർട്സ് കുട്ടികളെ കണ്ടെത്തി
- പരിശീലനം നൽകുക.
- സ്കൂൾ സുരക്ഷാ സമിതി രൂപീകരിക്കൽ.

# നിലവിലെ അവസ്ഥവിശകലനം

55 സെൻ്റ് സ്ഥലത്തിലുള്ള 20x20 വീതമുള്ള മൂന്ന് ക്ലാസ്സ് മുറികളും ഒരു ഓഫീസ് മുറിയും ഉണ്ട്. ഇവിടെ പ്രഥമാദ്ധ്യാപിക ഉൾപ്പെടെ മൂന്ന് അദ്ധ്യാപികമാരാണുള്ളത്. ശ്രീമതി. മിനി കെ ജോൺ പ്രഥമാദ്ധ്യാപികയായും, ശ്രീമതി ആശ ജോൺ, ശ്രീമതി റെനി മാർക്കോസ് എന്നിവർ അദ്ധ്യാപികമാരായും ജോലിചെയ്യുന്നു. ഇപ്പോൾ വരുന്ന കുട്ടികൾ സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിൽ നിന്നുളവരാണ്. അവർക്ക് നല്ല നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്കൂൾ പ്രവർത്തനങ്ങൾ നടത്തുന്നത്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ടോയ്‌ലറ്റ് സൗകര്യമുണ്ട്. സ്കൂളിന് സ്വന്തമായി കിണറും, മോട്ടോർ, പൈപ്പ് എന്നിവയുണ്ട്. എല്ലാ മുറികളും വൈദ്യുതീകരിച്ച് ഫാൻ ഇട്ടിട്ടുണ്ട്. ഉച്ചഭക്ഷണ പാചകത്തിനായി പാചകപ്പുരയുണ്ട്.

സ്കൂളിന് ഭാഗികമായ ചുറ്റുമതിലും പ്രവേശനകവാടവുമുണ്ട്. കളിസ്ഥലം ആവശ്യത്തിനുണ്ട്. കുട്ടികൾക്കായി ഊഞ്ഞാലുകൾ ക്രമീകരിച്ചിട്ടുണ്ട്. കുട്ടികൾക്കാവശ്യമായ വായനാ സൗകര്യമുണ്ട് ഐ.സി.റ്റി പഠനത്തിനായി കമ്പ്യൂട്ടറുകൾ ഉണ്ട്.

പ്രദേശത്തെ ആദ്യ സ്കൂൾ എന്ന നിലയിൽ ആധുനിക രീതിയിലുള്ള കെട്ടിടമില്ല എന്ന പരിമിതിയുണ്ട്. എങ്കിലും കെട്ടിടം ബലവത്തായതും കുട്ടികൾക്കാവശ്യമായ എല്ലാ സൗകര്യങ്ങളുമുള്ളതുമാണ്.

അക്കാദമികമായ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തുവരുന്നു. ആധുനിക സൗകര്യങ്ങൾ ഒരുക്കി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

## പ്രശ്നങ്ങൾ വെല്ലുവിളികൾ

- എല്ലാ കുട്ടികൾക്കും ഭാഷാപരമായി നിർദ്ദേശിക്കപ്പെട്ട ശേഷികൾ ആർജ്ജിക്കവാൻ കഴിയുന്നില്ല.

- ICT സാധ്യതകൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ഫലപ്രദമായി ഉപയോഗിക്കുവാൻ കമ്പ്യൂട്ടർ ലാബ് പ്രത്യേകം ഇല്ല. വേണ്ട പരിശീലനങ്ങൾ അദ്ധ്യാപികമാർക്ക് ലഭിക്കേണ്ടതായും ഉണ്ട്.

- കലാകായിക പ്രവർത്തിപരിചയം എന്നിവയക്ക് പരിചയസമ്പന്നരായ അദ്ധ്യാപകരില്ലാത്തത്.

- "പരിസരം ഒരു പാഠപുസ്തകമാണ്' എന്ന് തിരിച്ചറിയുന്നില്ല.
- കളിസ്ഥലം, കമ്പ്യൂട്ടർ ലാബ് എന്നിവയില്ല.
- സംഗീതാദ്ധ്യാപകൻ്റ െ ആവശ്യകത നികത്തുന്നില്ല.
- കുട്ടികൾക്ക് നിന്തൽ പരിശീലനം അത്യാവശ്യമാണ്.
- ഭിന്നശേഷിക്കാർക്കായി പ്രത്യേക അദ്ധ്യാപകരുടെ സേവനം എപ്പോഴും ലഭ്യമാക്കണം.
- രക്ഷിതാക്കൾക്ക് പരിശീലനം ലഭ്യമാക്കണം.
- കൃഷിയുമായി ബന്ധപ്പെട്ട പരിശീലനം നൽകണം..
- പ്രഥമാദ്ധ്യാപകർക്ക് ക്ലാസ്സ് ചാർജ്ജ് നൽകിയിരിക്കുന്നത് ഒരു പ്രധാന പ്രശ്നമാണ്.

# പദ്ധതി രൂപീകരണ പ്രക്രിയ

- നിലവിലെ അവസ്ഥ വിശകലനം ചെയ്തു. .
- എസ്.ആർ.ജി. സമഗ്രവികസന കാഴ്ചപ്പാട് ചർച്ച ചെയ്തു.
- 5 വർഷം മുൻപിൽ കണ്ട് ആവശ്യമായ കാര്യങ്ങൾ എഴുതി തയ്യാറാക്കി.
- അദ്ധ്യാപകരുടെ നേതൃത്വത്തിൽ അക്കാദമികം, ഭൗതികം, സാമൂഹികം, എന്നീ , മേഖലകളിലെ പ്രവർത്തനങ്ങൾ തയ്യാറാക്കി.
- വിദ്യാലയ വികസന കാഴ്ചപ്പാട് - പദ്ധതി രൂപീകരണ ശില്പശാല നടത്തി. വിദ്യാലയ വികസന സമിതി, പി.ടി.എ, എം.പി.ടി.എ. എസ്.എസ്.ജി എന്നിവയുടെ പങ്കാളിത്തം ഉറപ്പാക്കി.
- കരട് രൂപരേഖ തയ്യാറാക്കി. എ.ഇ.ഒ വിളിച്ച യോഗത്തിൽ അവതരണം, പോരായിമകൾ പരിഹരിക്കൽ.
- പൊതുജനങ്ങളുടെ മുൻപിൽ സ്കൂൾതല അവതരണം.
- വിദ്യാലയ വികസന സമിതിയിൽ ചർച്ച ചെയ്തു.

# ഒന്നാം ക്ലാസ്

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം, വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുള്ളതുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.' അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം ,എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ,* ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

### ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസില െ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാത െ ലഘുവാക്യങ്ങളിൽ എഴുതി ് . പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക. .
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.

## ജൂൺ

പ്രവർത്തനങ്ങൾ

- ✓ സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
- ✓ അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം
- ✓ ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല
- ✓ താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

## ജൂലൈ

പ്രവർത്തനങ്ങൾ

- ✓ സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- ✓ കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- ✓ വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- ✓ രക്ഷിതാവിൻ്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- ✓ പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.

## ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

- ✓ റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ✓ ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- ✓ സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- ✓ പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ✓ ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- ✓ രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.

## സെപ്റ്റംബർ

പ്രവർത്തനങ്ങൾ

- ✓ സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- ✓ സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ✓ ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

- ✓ അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- ✓ വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.

**ഒക്ടോബർ**

പ്രവർത്തനങ്ങൾ

- ✓ വായനോത്സവം സംഘടിപ്പിക്കുന്നു.
- ✓ ആസ്വാദ്യകരമായ വായന നടത്തുന്നു.
- ✓ ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- ✓ രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.
- ✓ ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- ✓ കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പി ക്കുകയും ചെയ്യുന്നു.

**നവംബർ**

പ്രവർത്തനങ്ങൾ

- ✓ സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- ✓ കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- ✓ വായനോത്സവം തുടങ്ങുന്നു
- ✓ രചനോത്സവം തുടങ്ങുന്നു
- ✓ പത്രവായനയ്ക്ക് അവസരം ഒരുക്കൽ.

**ഡിസംബർ**

പ്രവർത്തനങ്ങൾ

- ✓ ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും
- ✓ രചന ശേഷി പരിപോഷിപ്പിക്കൽ.
- ✓ ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- ✓ രണ്ടോ മൂന്നോ പേരടങ്ങുന്നു ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ✓ ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- ✓ കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.

**ജനുവരി**

പ്രവർത്തനങ്ങൾ

- ✓ കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.
- ✓ തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- ✓ കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
- ✓ സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..
- ✓ കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.

## ഫെബ്രുവരി

പ്രവർത്തനങ്ങൾ

- ✓ ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- ✓ കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ✓ ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.
- ✓ ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- ✓ ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.

## മാർച്ച്

പ്രവർത്തനങ്ങൾ

- ✓ കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- ✓ വീട്ടുവായന, കൂട്ടവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
- ✓ ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

## വിലയിരുത്തൽ പ്രവർത്തനങ്ങൾ

- ✓ കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- ✓ കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർഡുകളായി മാറ്റിയിട്ടുണ്ട്.
- ✓ രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
- ✓ കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെടുത്ത പുസ്തകം തയ്യാറാക്കുന്നു.
- ✓ മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
- ✓ സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.

*The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart. The academic master plan is designed to ensure that not a single child goes illiterate.*

***Objectives and leaming outcomes***

- ✓ *Respond to simple instructions in the classroom.*
- ✓ *Describe orally about the pictures and objects.*
- ✓ *Familiarise with simple words.*
- ✓ *Enjoy songs and sings them with Rhythm and action.*
- ✓ *Familiarise the names of birds, animals, their young ones and identifies them from pictures.*

***June***

- ✓ *Introduce symbol words.*
- ✓ *Provides picture cards.*

***July***

- ✓ *Identify familiar words.*
- ✓ *Say familiar words.*
- ✓ *Read familiar words.*
- ✓ *Write familiar words.*

***August***

- ✓ *Enjoy songs and sings them with Rhythm and action.*
- ✓ *Describes orally about pictures and objects using adjectives.*

***September***

- ✓ *Read and write simple words and Simple sentences*
- ✓ *Provides picture cards and reading cards*

***October***

- ✓ *Introduce symbol picture descriptions.*
- ✓ *Make word chain, sentence chain.*
- ✓ *Make riddles.*

***November***

- ✓ *Prepare reading cards.*
- ✓ *Provide more opportunities to read, write and speak English.*
- ✓ *Writes five English words daily.*

***December***

- ✓ *Read and understand simple instructions in the classroom.*
- ✓ *Encourage digital reading.*

***January***

- ✓ *Enjoy songs and sings them with Rhythm and action.*
- ✓ *Make picture album*
- ✓ *Collect picture of animals and its young ones*

***February***

- ✓ *Provide the opportunity to express myself in the classroom*
- ✓ *English assembly once in a week*

***March***

- ✓ *Speaks English fluently*
- ✓ *Read and write simple sentences*
- ✓ *Picture reading and picture description*

# STD 2

| പ്രവർത്തനലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| മലയാളമധുരം<br>● ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരം.<br>● സർഗ്ഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.<br>● ആശയം ഗ്രഹിച്ചു മറ്റു വ്യവഹാരരൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു | CPTA,SRG അവലോഹനം<br><br>കുട്ടികളും രക്ഷിതാക്കളും ചേർന്ന വായന | June-march | അദ്ധ്യാപകർ<br><br>രക്ഷിതാവ് | |
| സംയുക്ത ഡയറി<br>● സ്വന്തം അനുഭവങ്ങൾ ക്രമത്തിൽപറയാനും എഴുതാനും കഴിയുന്നു.<br>● ഭാഷ ശേഷി വികസിപ്പിക്കുന്നതിന്<br>● സ്വതന്ത്രരചന നടത്തുന്നതിന് | ഡയറി പരിചയപ്പെടുത്തൽ.<br><br>രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കൽ. | June-March | അദ്ധ്യാപകർ<br><br>രക്ഷിതാവ് | |
| പാട്ടരങ്ങ്<br>● താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റു സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.<br><br>● കുട്ടികവിതകൾ വായിച്ചു ആസ്വദിക്കുന്നു ഒറ്റക്കും സംഘമായും ആവിഷ്കരിക്കുന്നു. | ക്ലാസ്സ്പ്രവത്തനത്തിനോട് ചേർന്ന് ക്ലാസ് മുറിയിൽ പാട്ടരങ്ങ് സംഘടിപ്പിക്കുന്നു<br>.<br>ബാലസഭയിൽ പാട്ടരങ്ങ് അവതരിപ്പിക്കുന്നു | June-March | അദ്ധ്യാപകർ<br><br>രക്ഷിതാവ് | |
| സചിത്രപുസ്തകം<br>● എല്ലാപാഠഭാഗങ്ങളും സചിത്രപുസ്തക | പ്രവർത്തനപുസ്തകം ലഭ്യമാക്കുന്നു | June-March | അദ്ധ്യാപകർ<br><br>രക്ഷിതാവ് | |

| | | | | |
|---|---|---|---|---|
| രൂപത്തിൽ അവതരിപ്പിക്കുന്നു<br>• എല്ലാകുട്ടികളും സ്വതന്ത്ര രചയിതാക്കളും വായനക്കാരും ആകുന്നു. | എല്ലാ മാസവും CPTA വിലയിരുത്തുന്നു | | | |
| റീഡേഴ്സ് തിയേറ്റർ<br>• രണ്ടാം ക്ലാസ്സിലെ എല്ലാകുട്ടികളും റീഡേഴ്സ് തിയേറ്റർ പരിപാടിയിൽ ഏർപ്പെടുന്നു<br>• ക്ലാസ്സിലെ എല്ലാകുട്ടികളും മികച്ച വായനക്കാരായി മാറുന്നു. | SRG യിൽ ആശയം പങ്കുവെക്കുന്നു<br><br>CPTA ആശയം പങ്കിടൽ പിന്തുണ ഉറപ്പാക്കൽ | June-March | അദ്ധ്യാപകർ<br><br>രക്ഷിതാവ് | |
| നാട്ടുവിശേഷം കൂട്ടെഴുത്ത്<br>• പരിസരപഠനത്തിലൂടെ ഭാഷാപഠനസാധ്യത ഉണ്ടാകുന്നു<br>• പ്രകൃതിത്തിനിരിക്ഷണത്തിലൂടെ മനസ്സിലാക്കിയ കാര്യങ്ങൾ തെറ്റില്ലാതെ എഴുതുന്നു | Field trip<br><br>പ്രകൃതിനടത്തം | July-March | അദ്ധ്യാപകർ<br>SRG<br>CPTA | |
| ക്ലാസ് പത്രം<br>• ഭാഷാപ്രവർത്തനം വ്യത്യസ്തവും രസകരവുമായ അവതരിപ്പിക്കുന്നു<br>• രചനശേഷി പരിപോഷിപ്പിക്കുന്നു<br>• വ്യത്യസ്ത പഠനതന്ത്രത്തിലൂടെ ഭാഷാപഠനം സാധ്യമാക്കുന്നു | SRG യിൽ ചർച്ച.<br><br>CPTA യിൽ പദ്ധതി അവതരിപ്പിക്കുന്നു പിന്തുണഉറപ്പിക്കുന്നു | August-march | SRG<br><br>അദ്ധ്യാപകർ<br><br>രക്ഷിതാവ് | |
| വായനോത്സവം<br>• എല്ലാകുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നു<br>• കുട്ടികളിൽ വായനാശീലം വളർത്തുന്നു<br>• ലൈബ്രറി ഉപയോഗിക്കുന്നു | അമ്മവായന വായനോത്സവം എല്ലാമാസവും<br>SRG യിൽ ചർച്ച.<br>CPTA പിന്തുണ | July-march | BRC<br><br>അദ്ധ്യാപകർ<br><br>രക്ഷിതാവ് | |
| ഭാഷോത്സവം<br>• ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു | കലാസാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു. | July-March | BRC<br><br>അദ്ധ്യാപകർ<br><br>രക്ഷിതാവ് | |

| | | | | |
|---|---|---|---|---|
| • കുട്ടികളുടെ സ്വതന്ത്ര രചനക്ക് അവസരം ഒരുക്കുന്നു. | പ്രദർശനം ഒരുക്കുന്നു. | | | |
| ഗണിതകേളികൾ<br>• കുട്ടികൾക്ക് ഗണിതകളിയിൽ താല്പര്യം ഉണ്ടാകുന്നു<br>• ഗണിതപഠനത്തിനു താല്പര്യം ഉണ്ടാകുന്നു | വ്യത്യസ്തമായ അനുയോജ്യമായ ഗണിതകളിയിൽ ഏർപ്പെടുന്നു | June-March | SRG<br>അദ്ധ്യാപകർ | |
| പരീക്ഷണങ്ങൾ<br>• ശാസ്ത്ര പഠനം ആസ്വാദ്യം ആകുന്നു<br>• യുക്തിചിന്ത വളർത്തുന്നു<br>• ഉപകരണങ്ങൾ സൂക്ഷ്മത കൃത്യത പാലിച്ചുകൊണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു | പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുവാൻ പ്രാപ്തരാക്കുന്നു | June-March | CPTA<br>അദ്ധ്യാപകർ | |
| ലഘു പ്രൊജക്റ്റ്<br>• കുട്ടികളിൽ ശാസ്ത്രചിന്തയും യുക്തിചിന്തയും വളർത്തുക | പഠനപ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് നിരീക്ഷണം ,താരതമ്യം,വർഗീകരണം | June-March | CPTA<br>അദ്ധ്യാപകർ | |
| പരീക്ഷണ കിറ്റ്<br>• എല്ലാ കുട്ടികൾക്കും ശാസ്ത്രപരീക്ഷണം സ്വന്തമായി ചെയ്യുന്നതിന്.<br>• വ്യത്യസ്ത ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുക. | വ്യക്തിഗതമായി പരീക്ഷണകിറ്റ് സ്വന്തമായി ശേഖരിക്കുന്നു | June-March | SRG<br>അദ്ധ്യാപകർ<br>രക്ഷിതാവ് | |
| രക്ഷിതാക്കൾക് ശില്പശാല<br>• പഠനത്തിന് കുട്ടികളെ ക്രിയാത്മകമായി സഹായിക്കുന്നു.<br>• പാഠഭാഗങ്ങളും വസ്തുതകളും സ്വയം മനസ്സിലാക്കി സ്വന്തം കുട്ടികളെ | പാഠഭാഗത്തെ പ്രവർത്തനം ചെയ്യേണ്ടവിധം സംയുക്ത ഡയറി സചിത്ര പുസ്തകം | June-March | അദ്ധ്യാപകർ<br>രക്ഷിതാവ് | |

| | | | | |
|---|---|---|---|---|
| സഹായിക്കുന്നു. | ഗണിതകിറ്റ് എന്നിവ തയാറാക്കാൻ രക്ഷിതാക്കൾക്ക് അവബോധം ഉണ്ടാക്കുന്നു | | | |
| വിജയസ്പർശം<br>• എല്ലാകുട്ടികളെയും എഴുത്തിലും വായനയിലും പ്രാപ്തരാക്കുക<br>• നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിത ക്രിയകൾ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക | പ്രയാസം നേരിടുന്ന കുട്ടികൾക്ക് സമയം കണ്ടെത്തി പ്രത്യേക സഹായം നൽക്കുക. | June-March | അദ്ധ്യാപകർ<br><br>SRG | |
| പാനീയമേള<br>• പാഠഭാഗവുമായി ബന്ധപെട്ട കടയിൽ നിന്ന് കുപ്പികളിൽ ലഭിക്കുന്ന പാനീയം ആരോഗ്യത്തിന് ഹാനികരം എന്ന് തിരിച്ചറിയുന്നതിന്.<br>• ചുറ്റുപാടിൽ നിന്ന് ലഭ്യമായ സാധനം ഉപയോഗിച്ച് ആരോഗ്യത്തിന് ഹാനികരമല്ലാത്ത പാനീയം ഉണ്ടാക്കാം എന്ന് തിരിച്ചറിയുന്നതിന് | എല്ലാവരെയും ഉൾപ്പെടുത്തി പാനീയമേള സംഘടിപ്പിക്കുന്നു. | October | അദ്ധ്യാപകർ<br><br>SRG | |
| ഭഷണ മേള<br>• പാഠഭാഗവുമായി ബന്ധപെട്ട നമ്മുടെ ദൈനംദിന ഭക്ഷണത്തിനു എല്ലാത്തരത്തിലുള്ള ആഹാരപദാർത്ഥങ്ങളും ഉൾപ്പെടുത്തണമെന്ന് തിരിച്ചറിയുന്നതിനു വേണ്ടി എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഭക്ഷണമേള സംഘടിപ്പിക്കുന്നു | വിവിധഭക്ഷണപദാർഥങ്ങൾ പ്രദര്ശനം | November | CPTA<br><br>അദ്ധ്യാപകർ | |
| പലഹാരമേള<br>• പലതരം പലഹാരങ്ങൾ മനസിലാക്കുന്നതിന്<br>• അവ ഉണ്ടാക്കുന്നവിധം മനസിലാക്കുന്നതിന് | പാഠഭാഗവുമായി ബന്ധപെട്ട എല്ലാവരെയും ഉൾപ്പെടുത്തി പലഹാരമേള | October | അദ്ധ്യാപകർ<br><br>SRG | |

| | | | | |
|---|---|---|---|---|
| | സംഘടിപ്പിക്കുന്നു. | | | |

# *STD 3*

| മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല | സാമ്പത്തികം |
| • മലയാളം തെറ്റില്ലാതെ സ്പുടതയോടെ വായിക്കുക.<br>• വിവിധ വ്യവഹാരരൂപങ്ങൾ ആസ്വദിക്കുക | • പ്രീ ടെസ്റ്റ്<br>• ക്ലാസ് ലൈബ്രറി രൂപീകരണം<br>• വായനക്കാർഡുകൾ<br>• നാടൻപാട്ട്<br>• ദിനാചരണങ്ങൾ | June-July | pta<br><br>അധ്യാപിക<br><br>കുട്ടികൾ | |
| • വായന<br>• ,അക്ഷരത്തെറ്റ് കൂടാതെ എഴുതുക | • ചിത്രശേഖരണം<br>• പലഹാരങ്ങൾ തയാറാക്കി കൊണ്ടുവരുന്ന രുചിവ്യത്യാസങ്ങൾ പങ്കുവെക്കുന്നു | August - september | അധ്യാപിക<br><br>കുട്ടികൾ | |
| വിവിധഭാഷ വ്യവഹാരരൂപങ്ങൾ ,രചന നടത്താനുള്ള ശേഷി നേടുക | • അഭിമുഖം<br>• പത്രവായന<br>• സ്കൂൾ ദിനപ്പത്രനിർമാണം | October-January | അധ്യാപിക<br><br>കുട്ടികൾ | |
| സർഗാത്മക പ്രകടനം | പഠനോത്സവം | February | അധ്യാപിക<br>PTA<br>കുട്ടികൾ | |

| ***ENGLISH*** | | | | |
|---|---|---|---|---|
| AIM | ACTIVITIES | DURATIO N | CHARGE | |
| To study alphabets. | Pre test<br>• Write and read simple words .<br>• Preparing video | June -july | Teacher<br><br>Student | |
| Write and read words | • Field trip<br>• Picture collection<br>• Poster making | August - september | Teacher<br>SRG<br>CPTA<br>Students | |
| Reading -writing | • Preparing short poems | October | Teacher | |

| | | | | |
|---|---|---|---|---|
| Making sentences | • Making sentences<br>• Making pairs of words<br>• Picture collection | November<br>December | Students | |
| To enable children to speak english<br>Human values | • Preparing conversation<br>• Classroom communication should be in english | January<br>February<br>March | Teacher<br>Students | |
| പരിസരപഠനം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല | സാമ്പത്തികം |
| പ്രകൃതിബോധം | • പരിസരനിരീക്ഷണം<br>• പരിസ്ഥിതി ദിനാചരണം<br>• ചെടിനടൽ<br>പൂന്തോട്ട നിർമാണം | June-July | അധ്യാപിക | |
| പ്രകൃതിസംരക്ഷണം | • മണ്ണ് നിരീക്ഷണം<br>• പരീക്ഷണം<br>• പോസ്റ്റർ നിർമാണം<br>• മഴമാപിനിനിർമാണം | August - september | അധ്യാപിക<br>കുട്ടികൾ | |
| ആരോഗ്യ സംരക്ഷണം | • സെമിനാർ<br>• ഫസ്റ്റ് എയ്ഡ് തയാറാക്കൽ<br>• റോഡ് നിയമങ്ങൾ | October-Decembar | PTA<br>അധ്യാപിക<br>കുട്ടികൾ | |
| ഭൂപടവായന | • Field trip<br>• Food festival | January<br>February<br>March | PTA<br>അധ്യാപിക<br>കുട്ടികൾ | |
| ഗണിതം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല | സാമ്പത്തികം |

| | | | | |
|---|---|---|---|---|
| ചതുരം ത്രികോണം എന്നീ രൂപങ്ങളെ കുറിച്ച് ധാരണ നൽകുന്നു | കമ്പ്,ഈർക്കിൽ വള തുടങ്ങിയവ ഉപയോഗിച്ച് ചതുരം ത്രികോണം എന്നിവ നിർമിക്കുന്നു | June-July | അധ്യാപിക<br><br>കുട്ടികൾ | |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ എഴുതുന്നു | • സംഖ്യ പാറ്റേൺ<br>• സംഖ്യ സ്ലിപ്പുകൾ<br>• ഗണിത ക്ലബ് നിർമാണം | August | അധ്യാപിക<br><br>കുട്ടികൾ<br><br>Srg | |
| സംഖ്യാബോധം | • പാഠപുസ്തക പ്രവർത്തണം<br>• വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ നിർമിക്കൽ | Septembar | അധ്യാപിക<br><br>കുട്ടികൾ | |
| വ്യവകലന ക്രിയകൾക്ക കുട്ടികളെ പ്രാപ്തരാക്കുക | • പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം<br>• മനക്കണക്കുകൾ<br>• സ്കെയിൽ നിർമാണം | October - Novembar | അധ്യാപിക<br><br>കുട്ടികൾ | |
| ഗുണനവസ്തുക്കൾ നേടൽ | • ബലൂൺ കളികൾ<br>• മനകണക്കുകൾ<br>• പാഠപുസ്തക പ്രശ്ന നിർദ്ധാരണം | December - january | അധ്യാപിക | |

# *STD 4*

| മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ | ലക്ഷ്യം നേടുന്നത് വരെ | SRG | PTA |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ. സാഹിത്യകാരന്മാരെ അടുത്തറിയാം | സാഹിത്യകാരുമായി എഴുത്തിലൂടെ സംവാദികൾ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| എഴുത്തുപരിപോഷിപ്പിക്കൽ | പഠനഭാഗത്തിൽ നിന്നും പഠന പ്രവർത്തിയിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം | SRG | |
| നാടൻഭക്ഷണ0 പരിചയപ്പെടൽ | ഭക്ഷ്യമേള പാചകക്കുറിപ്പ് ഉൾപ്പെട്ട പതിപ്പ് നിർമാണം | വർഷത്തിലൊന്ന | SRG<br>PTA | |
| മാഗസിൻ ചുവർ ചിത്രം | കഥ കവിത നാടക നിർമാണം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| ICT സാധ്യത പ്രയോജനപ്പെടുത്തുന്ന | മലയാളം കംപ്യൂട്ടിങ് | ആവശ്യാനുസരണം | ICT ടീച്ചർ | |

| ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഗണിതപഠനം രാസമാക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ | വർഷംമുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| ശാസ്ത്രപഠനം രാസമാക്കൽ | ഒറിഗമി നിർമാണം | വർഷത്തിലൊന്ന | SRG | |

| | | | | |
|---|---|---|---|---|
| കരചലനശേഷി വികാസം | പ്രദർശനം | | PTA | |
| ഗണിതലാബ് ഗണിതപഠനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്താൽ | വർഷംമുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| ഗണിതച്ചമര്-ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചമർ ഒരുക്കൽ ഉപഗോഗപ്പെടുത്തൽ | വർഷംമുഴുവൻ | ക്ലാസ് ടീച്ചർ | |
| ഗണിതോപകരണങ്ങളിലൂടെ ഗണിതപഠനം രസമാക്കൽ | പഠനഭാഗവുമായി ബന്ധപ്പെട്ട പഠനോപകാരങ്ങളുടെ നിർമാണം പ്രദർശനം | വർഷംമുഴുവൻ | അധ്യാപിക<br>PTA | |
| ഗണിതമേള-ഗണിത ശേഷിയുടെ പ്രകടനം ഗണിത മാഗസിൻ | പ്രശ്നോത്തരി, പാറ്റേൺ | വർഷത്തിലൊന്ന | അധ്യാപിക | |
| **പരിസരപഠനം** | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| നിരീക്ഷണം അറിവുനിർമാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ് | ആവശ്യാനുസരണം | HM<br>അധ്യാപിക | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷംമുഴുവൻ | അധ്യാപിക<br>PTA | |
| ശാസ്ത്രപഠനത്തിൽ താൽപ്പര്യം ജനിപ്പിക്കൽ | വാനനിരീക്ഷണകേന്ദ്രം ,സയൻസ് പാർക്ക് ശാസ്ത്ര മെഡിക്കൽ | വർഷത്തിലൊന്ന | അധ്യാപിക | PTA |

| | | | | |
|---|---|---|---|---|
| | പ്രദർശനങ്ങൾ. | | | |
| കേരളം -ഇന്ത്യ ഭൂപടവായന സൂചിക | ഭൂപടവായന ,ഭൂപടരചന,സൂചികാനിർമാണം | വർഷത്തിലൊന്ന | SRG | PTA |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമാണം | വർഷത്തിലൊന്ന | HM<br>SRG | |
| **ഇംഗ്ലീഷ്** | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷ് ഭലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ഉള്ള ശേഷി മെച്ചപ്പെടുത്തൽ | ഇംഗ്ലീഷ് അസംബ്ലി | വർഷംമുഴുവൻ | അധ്യാപിക | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതുവാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി ആയി എഴുതുക | ആഴ്ചയിൽ മൂന്ന് ദിവസം | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് കോർണർ ഇംഗ്ലീഷ് പഠനാന്തരീക്ഷം ഉണ്ടാക്കൽ | ക്ലാസ്സ്മുറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണം , പുസ്തകത്തിന്റെ ശേഖരം ഒരുക്കൽ . | പ്രതിമാസം | ക്ലാസ് ടീച്ചർ | |
| സർഗാത്മകത പരിപോക്ഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളായി അവതരിപ്പിക്കൽ | മാസത്തിൽ ഒന്ന് | അധ്യാപിക | |
| ഇംഗ്ലീഷ് മാഗസിൻ | കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയാറാക്കൽ | രണ്ടുമാസത്തിൽഒരിക്കൽ | Hm<br>ക്ലാസ് ടീച്ചർ | |
| കളികളിലൂടെ ഭാഷാപഠനം | പദപ്രശ്നനിർമാണം | പ്രതിമാസം | ക്ലാസ് ടീച്ചർ | |

## മേഖല-അക്കാദമികം ഉപമേഖല -കലാപഠനം

| | | | | |
|---|---|---|---|---|
| കലാവാസന പരിപോഷണം, ചിത്രരചന | ചിത്രരചന | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| പാഠഭാഗവുമായി ബന്ധപ്പെട്ട നാടകരചന അവതരണം | പാഠഭാഗവുമായി ബന്ധപ്പെട്ട രചനകളും അവതരണവും | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| നാടൻപാട്ടുകൾ | നാടൻ പാട്ടുകൾ പഠിപ്പിക്കുന്ന ശില്പശാല നടത്തുന്നു | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| Zumba dance | Zumba വ്യായാമ ഡാൻസ് നടത്തുന്നു | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| വിദ്യാരംഗം | എല്ലാ വെള്ളിയാഴ്ചയും അവസാന പീരീഡ് സർഗ്ഗവാസന വളർത്തുന്ന പരിപാടികൾ | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ<br>HM | |
| **മേഖല-അക്കാദമികം ഉപമേഖല -ആരോഗ്യം ശുചിത്വം** | | | | |
| പ്രീ ടെസ്റ്റ് കായിക പരിശീലനം | മാസ്സൽ അസംബ്ലിയിൽ യോഗ പരിശീലനം | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | PTA |
| സമ്മാനം നൽകി ആദരിക്കൽ | കായിക മത്സരങ്ങളുടെ വിജയികൾക്കു സമ്മാനം നൽകി ആദരിക്കുന്നു | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ<br>HM | |
| ആവശ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിലൊരിക്കൽ ദന്തപരിശോധന , ആരോഗ്യ ബോധവത്കരണ ക്ലാസുകൾ | വർഷത്തിൽ ഒന്ന് | HEALTH CLUB | PTA |
| പ്രവർത്തിപരിചയ ക്ലാസ് | പരിശീലനം നൽകൽ | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| ശില്പശാലകൾ | ശില്പശാല നടത്തുന്നു മേളകയിൽ പങ്കെടിപ്പിക്കുന്നു | | | |
| പ്രദർശനം | സ്കൂൾതല പ്രദർശനം | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | | | HM | |
| ഹെൽത്ത് ക്ലബ് | ക്ലബ് അംഗങ്ങൾ വിവിധ പ്രവര്‍ത്തനകൾ ആസൂത്രണം ചെയ്യുന്നു | ആഴ്ചയിൽ ഒന്ന് | MPTA | |
| മേഖല - ഭൗതികം | | | | |
| കിണർ റീച്ചാർജിങ് | കുടിവെള്ള സംഭരണത്തിനായി കിണർ റീച്ചാർജിങ് | 1 വർഷം | PANCHAYAT | 500000 |
| കമ്പ്യൂട്ടർ ലാബ് | ICT പഠനം കാര്യക്ഷമമാക്കൽ | 6 മാസം | PANCHAYAT | 100000 |
| കാർഷിക രംഗം | കൃഷി | 6 മാസം | MP FUND | 700000 |
| മേഖല-സാമൂഹികം | | | | |
| പി ടി എ ,എം പി ടി എ വിദ്യാലയ വികസനസമിതി ശക്തിപ്പെടുത്തൽ | കാര്യക്ഷമമാക്കുക | ആവശ്യാനുസരണം | പി ടി എ ,എം പി ടി എ | |
| പൂർവ്വവിദ്യാത്ഥി സംഗമം | പൂർവ്വവിദ്യാത്ഥി ഒരുമിച്ചു കൂടുന്നു | ആവശ്യാനുസരണം | PTA<br>HM | |
| ക്ലബ്ബുകൾ സന്നദ്ധ സംഘടനകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ . | ക്ലബ്ബുകൾ സന്നദ്ധ സംഘടനകൾ ഇവയുമായി ചർച്ച | ആവശ്യാനുസരണം | PTA<br>HM | |
| കോർണർ പി ടി എ | വിദ്യാലയവുമായി ബന്ധപ്പെട്ട പൊതുസ്ഥലത്തു | 6 മാസം | PTA<br>HM<br>BRC | |

## മോണിറ്ററിംഗ്

മാസ്റ്റർ പ്ലാൻ സമഗ്രമായി പരിശോധിക്കുകയും പ്രവർത്തനങ്ങൾ മുൻഗണനാ പ്രകാരം നിർണയിക്കുകയും വേണം. തുടർന്ന് വാർഷിക കലണ്ടർ തയ്യാറാക്കണം. ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നിശ്ചയിക്കണം. ഒരോ മാസത്തി ലെയും പ്രവർത്തനങ്ങൾ ചേർത്ത് പ്രതിമാസ കലണ്ടർ തയ്യാറാക്കണം.

വിദ്യാലയ വികസന സമിതി പ്രതിമാസം ചേർന്ന് തൻമാസം നടന്ന പ്രവർത്ത നങ്ങൾ വിലയിരുത്തുകയും വേണം. പ്രവർത്തന പുരോഗതി വിലയിരുത്തണം. അടുത്ത മാസത്തേക്കുള്ള കലണ്ടർ തയ്യാറാക്കണം.

ഓരോ ഘട്ടത്തിലും പ്രവർത്തനങ്ങളിൽ വരുന്ന മികവുകളും പരിമിതികളും തിരിച്ചറിഞ്ഞ് പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കി നടപ്പിലാക്കണം. എസ്. ആർ.ജി, പി.ടി.എ മുതലായ സമിതികളിൽ ആദ്യ അജണ്ടയായി വിദ്യാലയ വികസന പ്രവർത്തനങ്ങളുടെ അവലോകനവും ആസൂത്രണവും ആയിരിക്കണം.

## ഉപസംഹാരം

തുടർ വർഷത്തേക്കുള്ള വികസന പദ്ധതിയാണ് ഇവിടെ തയ്യാറാ ക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കൃത്യമായ ആസൂത്രണവും വിലയിരു ത്തലും നടപ്പാക്കണം. വിദ്യാലയത്തിലേക്ക് ഏതു ഫണ്ട് ലഭിച്ചാലും വികസനപദ്ധതി യിലെ പ്രവർത്തനങ്ങൾ നടപ്പാക്കണം.

ഏറ്റെടുത്ത പ്രവർത്തനം എത്രയും മെച്ചമായി നടത്തി വിദ്യാലയത്തെ മിക വിന്റെ കേന്ദ്രമാക്കുവാൻ ഒത്തൊരുമിച്ച് പരിശ്രമിക്കുമെന്ന തീരുമാനത്തോടെ ഈ വികസനരേഖ സമർപ്പിക്കുന്നു.